# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### കെട്ടിടനിർമ്മാണ ചട്ടത്തിൽ ഇളവ്

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 5100** **28.10.16- ൽ മറുപടി നൽ കേണ്ടത്**

| | ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ<br>,, എൽ ദോസ് കുന്നപ്പിള്ളി<br>,, അനിൽ അക്കര<br>,, വി.പി.സജീന്ദ്രൻ | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | പൊതു ആവശ്യത്തിന് വേണ്ടി സൗജന്യമായി സ്ഥലം നൽകുന്നവർക്ക് ശേഷിക്കുന്ന സ്ഥലത്ത് കെട്ടിടം പണിയുന്നതിനായി നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് അനുവദിക്കാറുണ്ടോ; ഇല്ലെങ്കിൽ ഇളവ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (എ) | ഉണ്ട്.<br>റോഡു വികസനത്തിന് വേണ്ടി ഭൂമി സൗജന്യമായി നൽകുന്നവർക്ക്, ബാക്കി വരുന്ന പ്ലോട്ടിൽ നിർമ്മാണം നടത്തുന്നതിനുള്ള ലഘൂകൃത വ്യവസ്ഥകൾ കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XI, കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XI എന്നിവയിൽ ഉൾ പ്പെടുത്തിയിട്ടുണ്ട്. ഇതിനായുള്ള നിബന്ധനകൾ, അനുവദനീയമായ വ്യവസ്ഥകൾ, നടപടിക്രമങ്ങൾ എന്നിവ ടി അദ്ധ്യായങ്ങളിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്.<br>കൂടാതെ, കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3 സി, കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3 സി എന്നിവ പ്രകാരം, സർക്കാരിനോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ സർക്കാർ ഏജൻസികൾക്കോ പൊതു ആവശ്യത്തിനായി ഭൂമി സറണ്ടർ ചെയ്യുന്നവർക്ക് കേരളാ മുനിസിപ്പാലിറ്റി/ പഞ്ചായത്ത് രാജ് ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായും, ചീഫ് ടൗൺപ്ലാനറുമായി കൂടിയാലോചിച്ചും ഒഴിവാക്കൽ (exemption) നൽകാൻ സർക്കാരിന് അധികാരമുണ്ട്. സറണ്ടർ ചെയ്ത ഭൂമിക്ക് സമാനമായ അനുപാതത്തിലായിരിക്കണം ഇത്തരം 'ഒഴിവാക്കൽ (exemption)' എന്നും ടി ചട്ടത്തിൽ പ്രതിപാദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ